(ബി) സ്കൂൾ-കോളേജ് ലൈബ്രറികളുടെ ചുമതല വഹിക്കുന്നവർ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് തങ്ങളുടെ അഭിരുചിക്കനുസരിച്ച് സ്വകാര്യ പ്രസാധകരുടെ നിലവാരമില്ലാത്ത പുസ്തകങ്ങൾ വാങ്ങുന്നതിനെക്കുറിച്ചന്വേഷിക്കാമോ ; ഇത് പരിഹരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ചുള്ളിക്ക ഗവൺമെന്റ് എൽ.പി.എസ്. അപ്ഗ്രേഡ് ചെയ്യാൻ നടപടി

57 (3783) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്പറ്റ നിയോജകമണ്ഡലത്തിലെ മേപ്പാടി ഗ്രാമ പഞ്ചായത്തിൽപ്പെട്ട ചുള്ളിക്ക ഗവൺമെന്റ് എൽ.പി.എസ്. അപ്ഗ്രേഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പി.ടി.എ. സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷിയിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറിൽനിന്നും വൈത്തിരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറിൽനിന്നും അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ഇതുസംബന്ധിച്ച ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീമതി അന്ന എൽസാ എബ്രഹാമിന്റെ നിയമനാംഗീകാരം

58 (3784) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ സി.എം.എസ്. ഹൈസ്കൂൾ മല്ലപ്പള്ളിയിൽ 2013 ആഗസ്റ്റ് മുതൽ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) ആയി ജോലി ചെയ്യുന്ന ശ്രീമതി അന്ന എൽസാ എബ്രഹാമിന് സർക്കാർ അംഗീകാരം കിട്ടാത്തതിനാൽ ശമ്പളം കിട്ടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly